വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഇല്ല.

(ബി) നിലവിലുണ്ട്. മുട്ടയുടെ സംഭരണവും വിതരണവും സംസ്ഥാനത്തെ കുടുംബശ്രീയുടെ കീഴിലുള്ള സി. ഡി. എസ്./അയൽക്കൂട്ടങ്ങൾ മുഖേനയാണ് നടത്തുന്നത്. കുടുംബശ്രീ യൂണിറ്റുകൾക്ക് മുട്ട ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വിലനിലവാരത്തിലധികമാകാതെ വാങ്ങി വിതരണം നടത്തുവാൻ അതാത് സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് അനുവാദവും നൽകിയിട്ടുണ്ട്.

(സി) മുട്ട വിതരണം നിലച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും സ്കൂളുകളിൽ നിശ്ചിത ദിവസം മുട്ട ലഭ്യമാകാതെ വരുകയാണെങ്കിൽ അതേ ആഴ്ചയിൽ മറ്റൊരു ദിവസം മുട്ട വിതരണം നടത്തുന്നുണ്ട്.

(ഡി) പരിഗണനയിലില്ല.

പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിനുള്ള മിനിമം മാർക്ക്

14 [*53] ശ്രീ. പി. ജയരാജൻ:
,, രാജു എബ്രഹാം:
,, വി. കെ. ചന്ദ്രൻ:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്നതിന് +2 പരീക്ഷയിൽ 50% മാർക്ക് നേടിയിരിക്കണമെന്ന വ്യവസ്ഥ നീക്കം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, അതിനുള്ള കാരണം വിശദീകരിക്കുമോ;

(ബി) മിനിമം മാർക്ക് സംബന്ധിച്ച വ്യവസ്ഥ നീക്കം ചെയ്യണമെന്ന് സ്വകാര്യ കോളേജ് മാനേജ്മെന്റുകൾ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ;

(സി) മിനിമം മാർക്ക് വ്യവസ്ഥ നീക്കം ചെയ്യുന്ന കാര്യത്തിൽ ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി എന്തെങ്കിലും തീരുമാനം എടുത്തിരുന്നോ, ബന്ധപ്പെട്ട സർവകലാശാലകളുടെ അക്കാഡമിക് കൗൺസിൽ ഇക്കാര്യത്തിൽ അനുമതി നൽകിയിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) എഞ്ചിനീയറിംഗ് കോഴ്സ് പ്രവേശനത്തിന് +2 പരീക്ഷകൾക്ക് 50% മാർക്ക് വേണമെന്ന വ്യവസ്ഥ നീക്കം ചെയ്തിട്ടുണ്ട്. എ. ഐ. സി. ടി. ഇ.യുടെ മാനദണ്ഡം കേരളത്തിലും ബാധകമാക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. വൈസ് ചാൻസലർമാരുടെ പൊതുവേദിയായ ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി (ഐ.യു.സി.സി.)യും ഇക്കാര്യം ശുപാർശ ചെയ്തിരുന്നു. മെഡിക്കൽ പ്രവേശനത്തിന് നിലവിലുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly

(ബി) യോഗ്യതയുടെ കാര്യത്തിൽ എ.ഐ.സി.ടി.ഇ. നിബന്ധന ബാധകമാക്കണമെന്ന് സഹകാര്യ എഞ്ചിനീയറിംഗ് കോളേജുകളുടെ സംഘടന ആവശ്യപ്പെട്ടിരുന്നു.

(സി) യോഗ്യതയുടെ കാര്യത്തിൽ എ.ഐ.സി.ടി.ഇ. നിബന്ധന ബാധകമാക്കണമെന്ന് ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ വൈസ് ചാൻസലർമാർ നടപടി സ്വീകരിച്ചുവരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് തടയാൻ നടപടി

15 [*54] ശ്രീ. എം. കുമാരൻ:
" പി. നാരായണൻ:
" പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ റാഗിംഗ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാലയളവിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; അവ എവിടെയെല്ലാമാണ്;

(സി) ഇപ്രകാരമുള്ള ഓരോ കേസിലും എടുത്ത നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് റാഗിംഗ് കർശനമായി തടയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) മുതൽ (സി) വരെ ഈ കാലയളവിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 31 റാഗിംഗ് കേസുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അവയിൽ 8 കേസുകൾ ഒഴികെ മറ്റെല്ലാം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. അവ എവിടെയെല്ലാമാണെന്നും സ്വീകരിച്ച നടപടിയെക്കുറിച്ചുള്ള വിവരവും അനുബന്ധം I ആയി ചേർക്കുന്നു.†

(ഡി) ഉണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് നിരോധിക്കുന്നത് സംബന്ധിച്ച് റാഗിംഗ് നിരോധന ആക്ട് (1998-ലെ 10-ാം ആക്ട്) 1998-ൽ [illegible]വിൽ വന്നു. സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയുന്നതിന് സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.) നം. 1943/05/ഉ.വി.വ. തീയതി 21-11-05 പ്രകാരം മാർഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തൽഫലമായി സംസ്ഥാന തലത്തിലും കോളേജ്/വിദ്യാഭ്യാസ സ്ഥാപന തലത്തിലും റാഗിംഗ് വിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുകയും സർക്കാരിന്റെ മാർഗനിർദ്ദേശ പ്രകാരം പ്രസ്തുത കോളേജ്/സ്ഥാപന തലത്തി

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly